പതിമൂന്നാംകേരള നിയമസഭ
ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1213 13.06.2013 - ൽ മറുപടിക്ക്**

## പുനലൂർ - മൂവാറ്റുപുഴ സ്റ്റേറ്റ് ഹൈവേയുടെ നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം | | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി) | |
| (എ) | പുനലൂർ - മൂവാറ്റുപുഴ സ്റ്റേറ്റ് ഹൈവേയുടെ നിർമ്മാണം കെ.എസ്.റ്റി.പി.യെ എന്നാണ് ഏൽപിച്ചത്; | (എ) | പുനലൂർ - മൂവാറ്റുപുഴ സ്റ്റേറ്റ് ഹൈവേയുടെ ഭാഗമായ തൊടുപുഴ മുതൽ മൂവാറ്റുപുഴ വരെയുള്ള റോഡ് കെ.എസ്.റ്റി.പി. പദ്ധതിയുടെ ഒന്നാം ഭാഗത്തിൽ ഉൾപ്പെടുത്തി 2009 -ൽ അപ്ഗ്രഡേഷൻ പണി പൂർത്തിയാക്കി. കെ.എസ്.റ്റി.പി. രണ്ടാംഘട്ട പദ്ധതിയിൽപ്പെടുത്തി പുനലൂർ - തൊടുപുഴ റോഡ് അപ്ഗ്രേഡ് ചെയ്യാനാണ് തീരുമാനിച്ചിരിക്കുന്നത്. |
| (ബി) | ഏത് ധനകാര്യ ഏജൻസിയിൽ നിന്നുമാണ് ഇതിനായി തുക ലഭിക്കുന്നത്; എന്തു തുകയാണ് നിർമ്മാണ ചെലവായി കണക്കാക്കിയിട്ടുള്ളത്; പ്രസ്തുത തുക ലഭ്യമായിട്ടുണ്ടോ; | (ബി) | ലോകബാങ്കിൽ നിന്നും ധനസഹായം ലഭിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത റോഡിന്റെ പ്രവൃത്തിയ്ക്കായി 460 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത റോഡ് വികസനവുമായി ബന്ധപ്പെട്ട് ഇനിയും ഏതൊക്കെ വില്ലേജുകളിലാണ് ഭൂമിയേറ്റെടുക്കാനുള്ളത്; ഇത് വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | ഈ റോഡ് വികസിപ്പിക്കുന്നതിനാവശ്യമായ 99% ഭൂമി കെ.എസ്.റ്റി.പി. ഏറ്റെടുത്തു കഴിഞ്ഞു. പത്തനാപുരം, കലഞ്ഞൂർ, കൂടൽ, വി.കോട്ടയം, അരുവാപ്പുലം, കോന്നി, മൈലപ്ര, റാന്നി, ചേത്തക്കൽ, ളാലം എന്നീ വില്ലേജുകളിൽ നിന്നും ഭൂമി ഏറ്റെടുക്കുവാനുണ്ട്. ആയതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത റോഡിന്റെ നിർമ്മാണം ടെണ്ടർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ; | (ഡി) | ഇല്ല. ഈ റോഡിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കി വരികയാണ്. |
| (ഇ) | പ്രസ്തുത റോഡിന്റെ നിർമ്മാണം അടിയന്തിരമായി ആരംഭിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (ഇ) | ഈ റോഡിന്റെ പൊൻകുന്നം മുതൽ തൊടുപുഴ വരെയുള്ള ഭാഗം 2013 ജൂൺ മാസത്തിലും പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള ഭാഗം 2013 ഡിസംബർ മാസത്തോടുകൂടിയും ടെണ്ടർ വിളിക്കുവാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. ഇതിനുവേണ്ടിയുള്ള നടപടികൾ ധ്രുതഗതിയിൽ സ്വീകരിച്ചു വരുന്നു. |

Lalitha

സെക്ഷൻ ഓഫീസർ